**15 -ാം കേരള നിയമസഭ**

**13 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5657** **24-03-2025 - ൽ മറുപടിയ്ക്ക്**

**പൂഞ്ഞാർ മണ്ഡലത്തിലെ റേഷൻ കടകൾ**

| ചോദ്യം | ഉത്തരം |
|---|---|
| **ശ്രീ. സെബാസ്റ്റ്യൻ കുളത്തുങ്കൽ** | **ശ്രീ ജി ആർ അനിൽ**<br>**(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി)** |
| (എ) പൂഞ്ഞാർ മണ്ഡലത്തിൽ നിലവിൽ എത്ര റേഷൻ കടകൾ പ്രവർത്തിക്കുന്നുവെന്നും അവയിൽ ഏതെല്ലാം റേഷൻ കടകളാണ് കെ-സ്റ്റോറുകളാക്കിയതെന്നും തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ച് വിശദീകരിക്കാമോ; | (എ) പൂഞ്ഞാർ മണ്ഡലത്തിൽ മീനച്ചിൽ, കാഞ്ഞിരപ്പള്ളി താലൂക്കുകളിലായി 114 റേഷൻ കടകൾ പ്രവർത്തിക്കുന്നുണ്ട്. കെ-സ്റ്റോർ ആയി പ്രവർത്തിക്കുന്നവയുടെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ തിരിച്ചുള്ള വിവരം **അനുബന്ധമായി** ചേർക്കുന്നു.<br>**അനുബന്ധം**സെക്ഷ<br>ൻ ഓഫീസർ |

| ക്രമ നമ്പർ | താലൂക്ക് | തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ | കെ-സ്റ്റോറുകളുടെ എണ്ണം |
|---|---|---|---|
| 1 | കാഞ്ഞിരപ്പള്ളി | പാറത്തോട് | 2 |
| 2 | കാഞ്ഞിരപ്പള്ളി | കൂട്ടിയ്ക്കൽ | 2 |
| 3 | കാഞ്ഞിരപ്പള്ളി | മുണ്ടക്കയം | 2 |
| 4 | കാഞ്ഞിരപ്പള്ളി | കോരുത്തോട് | 3 |
| 5 | കാഞ്ഞിരപ്പള്ളി | എരുമേലി | 6 |
| 6 | മീനച്ചിൽ | ഈരാറ്റുപേട്ട മുനിസിപ്പാലിറ്റി | 1 |
| 7 | മീനച്ചിൽ | തീക്കോയി | 1 |
| 8 | മീനച്ചിൽ | പൂഞ്ഞാർ | 1 |
| 9 | മീനച്ചിൽ | പൂഞ്ഞാർ തെക്കേക്കര | 1 |
| 10 | മീനച്ചിൽ | തിടനാട് | 2 |
| | **ആകെ** | | **21** |

| | |
|---|---|
| (ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ | (ബി) നിലവിലെ സർക്കാരിന്റെ കാലയളവിൽ പൂഞ്ഞാർ മണ്ഡലത്തിൽ പുതുതായി മൂന്ന് റേഷൻ കടകൾ (കാഞ്ഞിരപ്പള്ളി - FPS 169, മീനച്ചിൽ - FPS - 211,212) |

| | | | |
|---|---|---|---|
| | പുതിയതായി എത്ര റേഷൻ കടകൾ പൂഞ്ഞാർ മണ്ഡലത്തിൽ അനുവദിച്ചിട്ടുണ്ടെന്ന് വിശദമാക്കാമോ; | | അനുവദിച്ചിട്ടുണ്ട്. |
| (സി) | പ്രസ്തുത മണ്ഡലത്തിൽ പുതിയതായി റേഷൻ കട അനുവദിക്കുന്നതിന് സമർപ്പിച്ചിട്ടുള്ള അപേക്ഷകളുടെ നിലവിലെ സ്ഥിതി സംബന്ധിച്ച വിശദാംശം വ്യക്തമാക്കുമോ? | (സി) | പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ മീനച്ചിൽ താലൂക്കിൽ തീക്കോയി ഗ്രാമപഞ്ചായത്തിലെ വെട്ടിപറമ്പ് എന്ന പ്രദേശത്ത് റേഷൻ കട അനുവദിക്കുന്നതിനായി ലഭ്യമായ അപേക്ഷയിന്മേൽ അന്വേഷണം നടത്തി ഈ പ്രദേശത്തിന് അടുത്തുള്ള ആനയിളപ്പ് എന്ന സ്ഥലത്ത് കട അനുവദിക്കുന്നത് സംബന്ധിച്ച് തുടർ നടപടി സ്വീകരിച്ചു വരുന്നു.<br><br>പൂഞ്ഞാർ നിയോജക മണ്ഡലത്തിൽ കാഞ്ഞിരപ്പള്ളി താലൂക്കിൽ കൂട്ടിക്കൽ പഞ്ചായത്തിലെ താളുങ്കൽ, മുണ്ടക്കയം പഞ്ചായത്തിലെ ചാച്ചി കവല, 31-ാം മൈൽ എന്നീ പ്രദേശങ്ങളിൽ റേഷൻ കട അനുവദിക്കുന്നതിനായി ലഭ്യമായ അപേക്ഷകളിൽ അന്വേഷണം നടത്തിയതിൽ നിന്നും ടി പ്രദേശങ്ങളിൽ പുതിയ റേഷൻ കട അനുവദിക്കേണ്ട സാഹചര്യം ഇല്ലെന്ന് കണ്ടെത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ